പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 497 19.11.2019 ലെ മറുപടിക്ക്

**രണ്ടാം കയർ പുനഃസംഘടനാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച രണ്ടാം കയർ പുനഃസംഘടനാ പദ്ധതി പ്രകാരം കയർ ഉത്പാദനത്തിലും സംഭരണത്തിലും ഉണ്ടായ വളർച്ച എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | എ) കയർ മേഖല സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് രണ്ടാം പുന:സംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉൽപ്പന്ന രംഗത്ത് വൈവിദ്ധ്യവത്ക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ മറ്റ് പ്രധാന ഘടകങ്ങൾ. കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുന:സംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% |

സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. കയർസഹകരണസംഘങ്ങൾക്ക് പുറമേ ചകിരി ഉൽപാദിപ്പിക്കുന്നതിന് പുതുതായി ആരംഭിക്കുന്ന സ്വകാര്യയൂണിറ്റുകൾക്ക് നിലവിൽ സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസേർസ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുന്നതിനെപ്പറ്റിയുള്ള നടപടികൾ ആലോചിച്ചുവരുന്നു.

സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ, പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ചകിരി വില ലക്ഷത്തിൽ | |
|---|---|---|
| 2015-16 | ഇല്ല | 2019-20 സെപ്റ്റംബർ 30 വരെ 179.05 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 44% അധികമാണ്. |
| 2016-17 | 50.94 | |
| 2017-18 | 78.14 | |
| 2018-19 | 284.02 | |

13-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടുകൂടി ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്. കയർ സംഭരണം 78800 ക്വിൻറലിൽ നിന്ന് 1.57 ലക്ഷം ക്വിൻറലായും ഉൽപ്പന്ന സംഭരണം 97.99 കോടി രൂപയിൽ നിന്നും 153.08 കോടി രൂപയുമായി ഉയർന്നു. കയർ മേഖലയിൽ പ്രകടമായിട്ടുള്ള ഉണർവ്വിന്റെ ചിത്രമാണ് ഈ കണക്കുകൾ പ്രദാനം ചെയ്യുന്നത്.

| | |
|---|---|
| ബി) കയർ മേഖലയിലെ പരമ്പരാഗത തൊഴിൽ സംരക്ഷിക്കുന്നതിനോടൊപ്പം യന്ത്രവത്ക്കരണം നടപ്പാക്കുന്നതിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്.എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110/- രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. 2019 സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് ലഭ്യമായിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01.01.2019 മുതൽ ഉയർത്തിയിട്ടുണ്ട്. |
| സി) കയർ പുനഃസംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിന് എൻ.സി.ഡി.സി. എന്തെല്ലാം സഹായമാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ ; | സി) കയർ പുന:സംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി എൻ.സി.ഡി.സി യിൽ നിന്ന് 200 കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട് ആയതിൽ 110 കോടി രൂപയ്ക്ക് ഇതിനോടകം തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. യന്ത്രവൽക്കരണം, കയർ മ്യൂസിയം, പ്രവർത്തന മൂലധനം, പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ, റിസർച്ച് & ഡെവലപ്മെൻറ്, കയർഫെഡിന്റെ ശാക്തീകരണം മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം, പരിശീലനം അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലാണ് സഹായം ലഭ്യമാകുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. |
| ഡി) കയർ വ്യവസായ മേഖലയിൽ പുതിയ ഉത്പന്നങ്ങൾ ആവിഷ്ക്കരിക്കാനായി | ഡി) കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി താഴെ പറയുന്ന |

| | |
|---|---|
| എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ? | പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.<br>കയർ അകൗസ്റ്റിക് പാനൽ<br>ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയർ ഉപയോഗിച്ച് അകൗസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. തീപിടുത്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന ഈ ബോർഡുകൾ നിലവിൽ വിപണിയിലുള്ള അകൗസ്റ്റിക് പാനലുകളേക്കാൾ വളരെ ചെലവ് കുറഞ്ഞതും എന്നാൽ ഉപയോഗപ്രദവുമായിട്ടുള്ളതാണ്. ശബ്ദം ആഗിരണം ചെയ്യുന്നതിനു പുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.<br>കയർ കോമ്പോസിറ്റ്സ്<br>ചകിരിനാരും, പോളിമറും ഉപയോഗിച്ചുകൊണ്ട് മോട്ടോർ വാഹന വ്യവസായത്തിലും റെയിൽവേക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള കയർ കോമ്പോസിറ്റ്സുകളും വികസിപ്പിക്കുകയുണ്ടായി.<br>ബൈൻഡർലെസ് ബോർഡ്<br>തൊണ്ട് ഉപയോഗിച്ച് തടിക്കു പകരം രാസവസ്തുക്കൾ ഒന്നും ഉപയോഗിക്കാതെ കയർ ബോർഡുകൾ ഉത്പ്പാദിപ്പിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതിയ്ക്ക് അനുയോജ്യമായതും അഗ്നിബാധയെ ചെറുത്തു നിൽക്കാനും ശേഷിയുള്ള വസ്തുവാണ് ബൈൻഡർലെസ് ബോർഡ്.<br>കയർജിയോസെൽ<br>ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ്പ്രദേശത്ത് കൃഷിചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.<br>മൾച്ചിംഗ് മാറ്റ്<br>വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ പഠനങ്ങൾ വഴി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ